## വിക്ടേഴ്സ് ചാനലിൽ വന്ന മലയാളം ക്ലാസുകളുടെ ഉള്ളടക്കവും തുടർ പ്രവർത്തനങ്ങളും

5-12 -2020

കേരളപാഠാവലി- X

കടൽത്തീരത്ത് - 01

യൂണിറ്റിലെ മുൻ പാഠഭാഗങ്ങൾ ഓർമ്മപ്പെടുത്തി

■വിശ്വരൂപം - ലളിതാംബിക അന്തർജനം

■പ്രിയദർശനം - കുമാരനാശാൻ

 യൂണിറ്റിൽ മുൻപ് പഠിച്ച പാഠഭാഗങ്ങളുടെ പൊതുവായ സവിശേഷതകൾ ഓർക്കുന്നുണ്ടോ എന്ന ചോദ്യത്തിലൂടെ

പ്രിയപ്പെട്ട രണ്ടുപേരുടെ സമാഗമവും വേർപിരിയലുമാണ് രണ്ട് രചനകളുടെയും സന്ദർഭം എന്ന് ചൂണ്ടിക്കാട്ടി.

❤വിശ്വരൂപം - മാധം തലത്ത് + സുധീർ

❤ പ്രിയദർശനം - നളിനി+ ദിവാകരൻ

യൂണിറ്റിലെ മൂന്നാമത്തെ രചനയും ഒരു സമാഗമത്തിന്റെ (അച്ഛനും മകനും ) ചിത്രീകരണമാണ് എന്ന് സൂചിപ്പിച്ചു.

നിങ്ങൾക്ക് പ്രിയപ്പെട്ടവരായി ആരൊക്കെയുണ്ട് എന്ന ചോദ്യത്തിന്റെ ഉത്തരങ്ങളിലൂടെ ചുറ്റുമുള്ള മനുഷ്യരുമായി നാം ബന്ധം സ്ഥാപിക്കുകയും നിലനിർത്തുകയും ചിലപ്പോൾ ബന്ധം വിഛേദിക്കുകയും ചെയ്യുന്ന പ്രക്രിയയാണ് ജീവിതമെന്ന് പ്രസ്താവിച്ചു.

എന്താണ് സാഹിത്യം എന്ന ചോദ്യം ഉന്നയിച്ചു.

പല നിർവചനങ്ങളിൽ ഒന്നിനെ  അവതരിപ്പിച്ചു.

■ജീവിതത്തിൻറെ ആവിഷ്കാരമാണ് സാഹിത്യം

നടന്നതും നടക്കുന്നതും നടക്കാനിരിക്കുന്നതുമായ സംഭവങ്ങളുടെ ആവിഷ്കാരമാണ് സാഹിത്യം .

ജീവിതം ബന്ധങ്ങൾ ആകയാൽ തന്നെ, മനുഷ്യബന്ധങ്ങളുടെ ആവിഷ്കാരമാണ് സാഹിത്യം എന്ന ക്രോഡീകരണത്തിൽ എത്തി.

മനുഷ്യബന്ധങ്ങളുടെ കഥകൾ ആവിഷ്കരിച്ച മുൻ പാഠഭാഗങ്ങൾ ഓർമ്മിപ്പിച്ചു.

VIII

■പുതുവർഷം - അമ്മ + മകൾ

■ സാന്ദ്ര സൗഹൃദം - കൂട്ടുകാർ, ശിഷ്യർ + ഗുരു

■ ഭൂമിയുടെ സ്വപ്നം - അമ്മ + മകൻ

■ വേദം - അമ്മ + മകൻ

■ പെരുന്തച്ചൻ - അച്ഛൻ + മകൻ

IX

■ കീറിപ്പൊളിഞ്ഞ ചകലാസ് - അമ്മ + മകൻ

X

■ അമ്മത്തൊട്ടിൽ - അമ്മയും മകനും

■ വിശ്വരൂപം - അമ്മ + വളർത്തുമകൻ

■ പ്രിയദർശനം - പ്രിയപ്പെട്ട രണ്ടുപേർ.

അച്ഛനും മകനും തമ്മിലുള്ള ബന്ധത്തിന്റെ ആവിഷ്കാരമാണ് കടൽത്തീരത്ത് എന്ന കഥ എന്ന് സൂചിപ്പിച്ചു.

ഓ വി വിജയൻ എന്ന എഴുത്തുകാരനെ പരിചയപ്പെടുത്തി.

■ മലയാള കഥാസാഹിത്യത്തിന് ദാർശനിക ഭാവം നൽകിയ എഴുത്തുകാരൻ .

■രണ്ടു തരത്തിലുള്ള രചനകൾ അദ്ദേഹം നിർവഹിച്ചിട്ടുണ്ട്.

1. രാഷ്ട്രീയ ദർശനങ്ങൾ വെളിവാക്കുന്ന സൃഷ്ടികൾ

ഉദാ :ധർമ്മപുരാണം, പാറകൾ

2.മനുഷ്യ സങ്കടങ്ങളെ ചിത്രീകരിക്കുന്ന കൃതികൾ

ഉദാ :ഗുരുസാഗരം, മധുരം ഗായതി

■ഒ വി വിജയന്റെ മാസ്റ്റർപീസ് എന്ന് വിളിക്കാവുന്ന കൃതിയാണ് ഖസാക്കിൻറെ ഇതിഹാസം. മലയാള നോവൽ സാഹിത്യത്തിൽ വഴിത്തിരിവുണ്ടാക്കിയ കൃതി കൂടിയാണ് ഇത്.

ഒ വി വിജയന്റെ രചനാ ലോകത്തെ  കുറിച്ച് കഥാകൃത്ത് വി ആർ സുധീഷ് സംസാരിക്കുന്ന വീഡിയോ കാണിച്ചു.

■ഒ വി വിജയന്റെ നോവലുകളിലും കഥകളിലും വലിയ പ്രകാശമുഖമുണ്ട്

■നോവലും കഥയും അനശ്വരമാക്കിയ എഴുത്തുകാരനാണ് ഒ വി വിജയൻ .

■പ്രകൃതിയുടെ  അറിവും മനുഷ്യ  ചരിത്രസന്ധികളിലെ അഗാധ സ്നേഹവുമുണ്ട് ഒ.വി വിജയന്റെ കഥകളിൽ .

■ഒ വി വിജയന്റെ കഥകളിൽ പിതൃരൂപം ആവർത്തിക്കുന്നത് കാണാം. (വിമാനത്താവളം, കാറ്റു പറഞ്ഞ കഥ )ആ പിതൃ രൂപത്തിന്റെ വലിയ രൂപമാണ് വെള്ളായിയപ്പൻ. (കടൽത്തീരത്ത് എന്ന കഥയിലെ മുഖ്യ കഥാപാത്രം )

ഒ വി വിജയൻ കഥാകൃത്ത് മാത്രമല്ല ബഹുമുഖ പ്രതിഭയായിരുന്നു എന്ന് സൂചിപ്പിച്ചു. ഏതൊക്കെ മേഖലകളിലാണ് അദ്ദേഹം തന്റെ പ്രതിഭ തെളിയിച്ചത് എന്ന് അന്വേഷിച്ചു കണ്ടുപിടിക്കാൻ ആവശ്യപ്പെട്ടു.

കടൽ കണ്ടിട്ടില്ലേ  എന്ന ചോദ്യത്തിലൂടെ കടലിന്റെ വിവിധ ഭാവങ്ങളെക്കുറിച്ച് ഓർമ്മപ്പെടുത്തി.

■കാണുന്ന ആളുടെ മനോനില അനുസരിച്ച് കടലിന്റെ ഭാവത്തിൽ വ്യത്യാസമുണ്ടാകുമെന്ന് ചൂണ്ടിക്കാണിച്ചു.

■കടലിന്റെ സൗന്ദര്യം വിശാലത ഗാംഭീര്യം എന്നീ സവിശേഷതകൾ മനുഷ്യാവസ്ഥകളുമായി താദാത്മ്യം പ്രാപിക്കുന്നതാണെന്ന് ചൂണ്ടിക്കാട്ടി.

 കഥയുടെ ആദ്യഭാഗം വായിക്കുന്നത് കേൾപ്പിച്ചു.

വായന - അംശു വി എസ്

[വെള്ളായിയപ്പൻ യാത്ര പുറപ്പെട്ടുമ്പോൾ വീട്ടിൽ നിന്നും കൂട്ട നിലവിളി ഉയർന്നു

..................................................

യാത്രയിൽ ഒരു ഘട്ടം കഴിഞ്ഞതു പോലെ വെള്ളായിയപ്പനു തോന്നി ]

 കഥ വായിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഉണർത്തി.

■ഭാവം ഉൾക്കൊണ്ട് വായിക്കുക

■ഒഴുക്കോടെ വായിക്കുക

■അക്ഷരസ്പുടതയോടെ വായിക്കുക

■ശബ്ദം ക്രമീകരിച്ച് വായിക്കുക അ

■ആവശ്യമുള്ളിടത്ത് നിർത്തിയും ഊന്നൽ നൽകേണ്ടിടത്ത് ഊന്നൽ കൊടുത്തും വായിക്കുക.

തുടർപ്രവർത്തനങ്ങൾ

1. ഒ വി വിജയൻ -ലഘു ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക.
2. കഥ മുഴുവനായും വായിക്കുക.
3. കഥാസംഗ്രഹം തയ്യാറാക്കുക.

നവാസ് മന്നൻ

GHSS ശ്രീകണ്ഠപുരം

■